**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**പോലീസിലെ പോസ്റ്റൽ ബാലറ്റ് വിതരണം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 52 28/5/2019-ൽ മറുപടിക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **പിണറായി വിജയൻ** |
| **ശ്രീ.അൻവർ സാദത്ത്** | **(മുഖ്യമന്ത്രി)** |
| **ശ്രീ.എ.പി. അനിൽ കുമാർ** | |
| **ശ്രീ.റോജി എം. ജോൺ** | |

| | | | |
|---|---|---|---|
| (എ) | ലോക് സഭ തിരഞ്ഞെടുപ്പിൽ പോസ്റ്റൽ ബാലറ്റ് വിതരണം സംബന്ധിച്ച് ഡി.ജി.പി എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | തപാൽ വോട്ടുകൾ കൈകാര്യം ചെയ്യേണ്ടതിനെ സംബന്ധിച്ച് ഇലക്ഷൻ കമ്മീഷൻ Hand Book for returning Officer Para 11.12.3 (b) പ്രകാരം നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനും അവരുടെ പ്രവർത്തനത്തെ സംബന്ധിച്ചും ഉള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ നമ്പർ C2-8877/19/PHQ (A2) dated 09/04/2019-ലെ സി.ഒ.ബി സന്ദേശ പ്രകാരം പോലീസിലെ എല്ലാ യൂണിറ്റ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുവാൻ പോലീസിലെ ജില്ലാ നോഡൽ ഓഫീസർമാർ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള വീഴ്ചയാണ് കണ്ടെത്തിയതെന്നും അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് | (ബി) | പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ജില്ലാ നോഡൽ ഓഫീസർമാർ വീഴ്ച വരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | എതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | | |
| (സി) | പോലീസുകാരുടെ പോസ്റ്റൽ ബാലറ്റിംഗ് പോലീസ് അസോസിയേഷൻ നേതാക്കളും പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ നേതാക്കളും ഇടപെട്ട് വ്യാപകമായ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് പ്രതിപക്ഷനേതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (സി) | പോലീസുദ്യോഗസ്ഥരുടെ പോസ്റ്റൽ ബാലറ്റ് സംബന്ധിച്ചുള്ള ആരോപണങ്ങളെക്കുറിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ. പ്രസ്തുത കേസിന്റെ അന്വേഷണത്തിൽ പ്രതിപക്ഷ നേതാവിന്റെ പരാതിയിൽ ഉന്നയിച്ച കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ